بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ①

# ജുമുഅഃ ഖുത്ബ സംഗ്രഹം 03.03.2023

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെയിലെ മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.***

## വിശുദ്ധ ഖുർആനിന്റെ മഹത്ത്വവും പ്രാധാന്യവും - 3

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ اَلرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ
نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ
عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

വാഗ്ദത്ത മസീഹ്(അ) നമുക്ക് നൽകിയ വിശുദ്ധ ഖുർആന്റെ അറിവിനേയും അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിലും നിർദേശങ്ങളിലും ഈ അറിവ് മനസ്സിലാക്കുകയും പ്രയോഗിക്കുകയും ചെയ്യുന്ന രീതികളേയും പറ്റി ചില കാര്യങ്ങൾ ഞാൻ മുൻ ഖുത്ബയിൽ വിവരിച്ചിട്ടുണ്ട്. വിശുദ്ധ ഖുർആൻ നൽകുന്ന ജ്ഞാന സമ്പത്താണ് യഥാർഥത്തിൽ ദാസനെ ദൈവവുമായി ബന്ധിപ്പിക്കുന്നത്. ദൈവത്തെ പ്രാപിക്കാൻ ഇതു കൂടാതെ വേറെ വഴിയില്ല. വാഗ്ദത്ത മസീഹ്(അ) തന്റെ ഒരു കവിതയിൽ പറയുന്നു: ഖുർആൻ ദൈവത്തെ പ്രകടമാക്കുന്ന ദൈവ വചനമാണ്! ഇതില്ലാതെ ജ്ഞാന പൂങ്കാവനം അപൂർണമാണ്. അതിനാൽ നാം എപ്പോഴും നമ്മുടെ മുന്നിൽ വയ്ക്കേണ്ട കാര്യമാണിത്. ദൈവസാമീപ്യവും അവന്റെ പ്രീതിയും നമുക്ക് വേണമെങ്കിൽ, നമ്മുടെ ഈ ലോകവും പരലോകവും മനോഹരമാക്കണമെങ്കിൽ, ഈ കാര്യങ്ങൾ നാം ഓർക്കേണ്ടതാണ്. വിശുദ്ധ ഖുർആനിന്റെ അറിവിൽ നിന്ന് പ്രയോജനം നേടുന്നതിന് സർവ്വശക്തനായ ദൈവം അയച്ച ഒരു വഴികാട്ടിയുടെ ആവശ്യമുണ്ടെന്ന് ഓർമ്മിക്കേണ്ടതാണ്. ഇന്ന് അത് തിരുനബി(സ)യുടെ സത്യസന്ധനായ ദാസൻ വാഗ്ദത്ത മസീഹ്(അ) ആണ്. അദ്ദേഹം വിശുദ്ധ ഖുർആനിന്റെ വിവിധ വശങ്ങളിലേക്ക് ആഴത്തിൽ വെളിച്ചം വീശിയതും അതിന്റെ മനോഹാരിതയും കഴിഞ്ഞ രണ്ട് ഖുത്ബകളിൽ ഞാൻ വിശദീകരിച്ചിരുന്നു. ഇതിനെക്കുറിച്ച് ഒരുപാട് കാര്യങ്ങൾ ഇനിയും പറയാനുണ്ട്. ഇന്നും ഈ പരമ്പര തുടർന്നുകൊണ്ട് മസീഹ് മൗഊദ്(അ)ന്റെ വചനങ്ങളുടെ വെളിച്ചത്തിൽ വിശുദ്ധ ഖുർആനിന്റെ സവിശേഷതകളും സ്ഥാനവും പ്രാധാന്യവും ഞാൻ പരാമർശിക്കുന്നതാണ്.

ഖുർആൻ ദൈവവചനമാണെന്ന് വിശദീകരിച്ചുകൊണ്ട്, ലാലാ ഭീം സീനിനെ അഭിസംബോധന ചെയ്ത ഒരു കത്തിൽ അദ്ദേഹം പറയുന്നു: കുറച്ച് ദിവസങ്ങൾക്ക് മുമ്പ് ആര്യനായിരുന്ന ലേഖ്റാം എന്ന ബ്രാഹ്മണൻ ഖാദിയാനിൽ വന്ന് എന്നോട് പറഞ്ഞു; വേദം ദൈവവചനമാണ്. ഞാൻ പറഞ്ഞു: വിശുദ്ധ ഖുർആനിൽ ശിർക്കിന്റെയോ മറ്റെന്തെങ്കിലും അവിശുദ്ധമായതോ ആയ അധ്യാപനം അടങ്ങിയിട്ടില്ലാത്തതിനാൽ അതിനെ ദൈവവചനമായി ഞാൻ മനസ്സിലാക്കുന്നു. അതിനെ പിൻപറ്റുന്നതിലൂടെ ദൈവത്തിന്റെ മുഖം ദർശിക്കുകയും അത്ഭുതങ്ങൾ വെളിപ്പെടുകയും ചെയ്യുന്നതാണ്. അത് കൊണ്ട് ദൈവവചനമാകുന്നതിനുള്ള നിബന്ധന; അത് ശിർക്കിൽനിന്ന് മുക്തമാകണമെന്നതും അതിനെ പിൻപറ്റിയാൽ ദൈവത്തിന്റെ മുഖം കാണാനാകും എന്നതുമാണ്.

ദൈവത്തിന്റെ മുഖം കാണിക്കുന്നതിൽ വിശുദ്ധ ഖുർആൻ വഹിച്ച പങ്ക് സ്വഹാബികളുടെ ജീവിതത്തിൽ കാണാൻ സാധിക്കുന്നതാണ്. അതിന് ഖുർആനിക അധ്യാപനത്തിന്റെ സ്വാധീനം വിവരിച്ചുകൊണ്ട് വാഗ്ദത്ത മസീഹ്(അ) പറയുന്നു: ഇസ്ലാമിന്റെ പ്രാരംഭദശയായിരുന്ന തിരുനബി(സ)യുടെ കാലഘട്ടത്തെ കുറിച്ച് വിശാലമായ വീക്ഷണത്തിലൂടെ നോക്കുമ്പോൾ മനസ്സിലാകുന്നത്, നബി(സ)യുടെ അധ്യാപനങ്ങൾ വിശ്വാസികളെ താഴ്ന്ന പടിയിൽനിന്ന് ഉന്നതിലേക്ക് എത്തിച്ചു. ദൈവം അവരെ പരിശുദ്ധാത്മാവിനാൽ പിന്തുണച്ചു. അവൻ തങ്ങളുടെ തെറ്റുകളും പാപങ്ങളും മനസ്സിലാക്കുകയും അവയിൽനിന്നു രക്ഷപ്പെടുകയും ചെയ്യുന്ന ഒരു തലത്തിൽ തുടരുക മാത്രമല്ല, അവർ നന്മയിൽ മുന്നേറാനും തുടങ്ങി. ദൗർബല്യങ്ങൾ നീക്കം ചെയ്യുക മാത്രമല്ല, സദ്ഗുണങ്ങളിലേക്ക് പദമൂന്നുകയും ചെയ്തു. ദൈവപ്രീതിക്കായി അവർ സ്വന്തം ജീവനെപ്പോലും വിലവെക്കാതെ മനുഷ്യന് സങ്കൽപ്പിക്കാൻ കഴിയാത്ത തരത്തിലുള്ള ത്യാഗങ്ങൾ അവർ ചെയ്തു. ഒടുവിൽ, അവർ അംഗീകരിക്കപ്പെട്ടു. ദൈവം അവരുടെ ഹൃദയങ്ങളെ പാപത്തെ വെറുപ്പുളവാക്കുന്നതും

നന്മയോടു സ്നേഹമുള്ളതും ആക്കി മാറ്റി. അതിനാൽ അവർ ഭൂമിയിൽനിന്ന് ഉയർന്ന് ആകാശത്തിലെ തിളങ്ങുന്ന നക്ഷത്രങ്ങളായി മാറിയത് വിശുദ്ധ ഖുർആനിന്റെ സ്വാധീനഫലമാണ്, അവരെക്കുറിച്ച് തിരുനബി(സ) പറഞ്ഞു: അവരോരോരുത്തരും നിങ്ങൾക്കു വഴികാട്ടിയാണ്.

വിശുദ്ധ ഖുർആനിനെ പിന്തുടരുന്നതിലൂടെ, മനുഷ്യൻ ദൈവത്തിന്റെ ഗുണങ്ങളുടെ പ്രകടനമായി മാറുന്നു എന്നതിനെ പറ്റി ആ മഹാത്മാവ് പറയുന്നു: വിശുദ്ധ ഖുർആനിനെ പിന്തുടരുകയും സ്നേഹവും സത്യസന്ധതയും അങ്ങേയറ്റം കൈക്കൊള്ളുകയും ചെയ്യുന്ന വ്യക്തി, പ്രതിച്ഛായ എന്നോണം ദൈവിക ഗുണങ്ങളുടെ പ്രതിരൂപമായി മാറുന്നു. ദൈവത്തിന്റെ വിശുദ്ധ ഖുർആനിന്റെ മഹത്തായ ശക്തിയും പ്രത്യേകതയും മൂലമാണ് ഇതെല്ലാം (കരസ്തമാകുന്നത്). വിശുദ്ധ ഖുർആനിൽ ഞാൻ ഒരു അത്യുഗ്രശക്തി കണ്ടെത്തിയിരിക്കുന്നു. തിരുനബി(സ)യെ പിന്തുടരുന്നതിൽ ഒരു അത്ഭുതമായ സവിശേഷത ഞാൻ കണ്ടത്, യഥാർഥ അനുധാവനം അവനെ വിലായത്തിന്റെ സ്ഥാനത്ത് എത്തിക്കുന്നു എന്നതാണ്.

വിശുദ്ധ ഖുർആനിന്റെ മേന്മകൾ വിവരിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു: വിശുദ്ധ ഖുർആന് നാല് അത്ഭുതകരമായ ഗുണങ്ങളുണ്ട്. മനുഷ്യന്റെ വാക്ചാതുര്യത്തിൽ നിന്ന് തികച്ചും വ്യത്യസ്തമായ വിശുദ്ധ ഖുർആന്റെ വാക്ചാതുര്യമാണ് ഒന്നാമത്തെ ഗുണം. അത് വിവരിച്ചിട്ടുള്ള കഥകൾ യഥാർഥത്തിൽ പ്രവചനങ്ങളാണെന്നതാണ് മറ്റൊരു അത്ഭുത ഗുണം. മൂന്നാമത്തെ അത്ഭുത ഗുണം, വിശുദ്ധ ഖുർആനിന്റെ അധ്യാപനത്തിൽ മനുഷ്യപ്രകൃതിയെ അതിന്റെ പൂർണതയിലേക്ക് കൊണ്ടുവരാനുള്ള എല്ലാം അടങ്ങിയിരിക്കുന്നു എന്നതാണ്. നാലാമത്തെ മഹത്തായ ഗുണം, അത് പൂർണമായും പിൻപറ്റുന്നവരെ ദൈവിക ഭാഷണം സിദ്ധിക്കുന്ന, വ്യക്തമായ അടയാളങ്ങൾ അവനിലൂടെ വെളിപ്പെടുന്ന ദൈവത്തോട് വളരെ അടുപ്പമുള്ളവരാക്കുന്നു. പിന്തുടരുന്നതിന്റെ ഫലമായി അവരുടെ പ്രാർത്ഥനകൾ സ്വീകാര്യയോഗ്യമാക്കുന്ന ഒരു ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ.

വിശുദ്ധ ഖുർആനിന്റെ അത്ഭുതകരമായ ഫലങ്ങളിൽ ഒന്ന്, അത് പിന്തുടരുന്നവർ സ്വീകാര്യതയുടെ പദവി ആർജിക്കുക എന്നതാണ്. അവരുടെ പ്രാർത്ഥനകൾ സ്വീകരിച്ചുകൊണ്ട് ദൈവം തന്റെ മധുരവും പ്രൗഢവുമായ വാക്കുകളിലൂടെ അവരെ അറിയിക്കുകയും ചെയ്യുന്നു. പ്രത്യേകിച്ച് ശത്രുക്കൾക്കെതിരെ അവരെ സഹായിക്കുന്നു.

വിശുദ്ധ ഖുർആനിന്റെ ഫലങ്ങളെ കുറിച്ച് ഹുസൂർ(അ) പറയുന്നു: അലസതയുടെ മൂടുപടം നീക്കുകയും ശരീരത്തെ വിറകൊള്ളിക്കുകയും മരണത്തെ സമീപസ്ഥമാക്കുകയും ഹൃദയത്തെ അത്തരം ഭയത്താൽ അതിജയിക്കുകയും ചെയ്യുന്നതായിരിക്കണം ദൈവത്തിന്റെ മഹത്വത്തിലും ഭയഭക്തിയിലും ഉള്ള ദൃഢവിശ്വാസം. അത് മുഖേന ദോഷപ്രവണമായ എല്ലാ ശക്തികളും ക്ഷയിക്കുകയും അദൃശ്യമായ ഒരു കരങ്ങളാൽ മനുഷ്യനെ ദൈവത്തിലേക്ക് അടുപ്പിക്കുകയും, ധിക്കാരിയായ കുറ്റവാളിയെ ശിക്ഷിക്കാതെ വിടാത്ത ദൈവമുണ്ടെന്ന ദൃഢവിശ്വാസത്താൽ അവന്റെ ഹൃദയം നിറയുകയും ചെയ്യുന്നു. ഈ ആവശ്യങ്ങൾ നിറവേറ്റുന്ന ഗ്രന്ഥം വിശുദ്ധ ഖുർആനാണെന്ന് ഞാൻ എല്ലാവരോടും വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. ഖുർആനിനെ പിന്തുടരുന്ന വ്യക്തിയെ ദൈവം തന്നെ വെളിപ്പെടുത്തുകയും മലക്കുകളുടെ ലോകത്തേക്ക് ആ വ്യക്തിയെ കൊണ്ടുപോകുകയും **അനൽ മൗജൂദ്** അഥവാ താൻ സന്നിഹിതനാണ് എന്ന അവന്റെ ശബ്ദത്തിലൂടെ തന്റെ അസ്തിത്വം അറിയിക്കുകയും ചെയ്യുന്നു.

ശിർക്കിൽ നിന്നുള്ള മോചനത്തിനുള്ള മാർഗമാണ് വിശുദ്ധ ഖുർആൻ എന്ന് വിവരിച്ചുകൊണ്ട് അദ്ദേഹം പറയുന്നു: അറേബ്യ, പേർഷ്യ, ഈജിപ്ത്, സിറിയ, ഇന്ത്യ, ചൈന, അഫ്ഗാനിസ്ഥാൻ, കശ്മീർ തുടങ്ങിയ നാടുകളിൽ വിശുദ്ധ ഖുർആൻ തൗഹീദിന്റെ വിത്ത് വിതച്ചതും അങ്ങനെ ഭൂരിഭാഗം നാടുകളിൽനിന്നും ബഹുദൈവാരാധനയുടെയും സൃഷ്ടിപൂജയുടേയും വിത്തുകളെ വേരോടെ പിഴുതെറിയപ്പെട്ടതും ആയ കർമം മുൻ മാതൃകകൾ ഇല്ലാത്തതാണ്.

വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നത് ഉന്നതമായ അധ്യാപനമാണ് ഇതുമായി ബന്ധപ്പെട്ട് ആ മഹാത്മാവ് പറയുന്നു: അന്ധകാരത്തിന്റെ പാരമ്യതയുടെ കാലത്ത് വെളിപ്പെട്ട ഗ്രന്ഥത്തിന് ഉന്നതമായ അധ്യാപനം ആവശ്യമാണ്. അത് തെറ്റായ വിശ്വാസങ്ങൾ ഹൃദയത്തിൽ കുടിയിരുത്തിയിട്ടുള്ള ആളുകളുടെ, മോശം പ്രവൃത്തികൾ പതിവാക്കിയവരുടെ പരിഷ്കരണത്തിനായിട്ടാണ് വരുന്നത്.

ഖുർആൻ ഒരു സാർവലൗകീക ഗ്രന്ഥമാണെന്നതിനെ പറ്റി അവിടുന്ന് പറയുന്നു: മനുഷ്യൻ പുരോഗമിച്ചപ്പോൾ പരസ്പര കൂടിക്കാഴ്ച്ചക്കുള്ള മാർഗങ്ങൾ തുറക്കുകയും ഒരു രാജ്യത്തെ ജനങ്ങൾക്ക് മറ്റൊരു രാജ്യത്തെ ജനങ്ങളെ കാണാൻ സൗകര്യം ലഭിച്ചപ്പോൾ ഭൂമിയുടെ അത്തരം ഭാഗങ്ങളിൽ മനുഷ്യർ ജീവിക്കുന്നുണ്ടെന്ന് (ജനങ്ങൾക്ക്) അറിവു ലഭിച്ചപ്പോൾ അവരെ വീണ്ടും ഒരു ജനതയാക്കാനും വിഘടനത്തിന് ശേഷം അവരെ കൂട്ടിച്ചേർക്കാനും ഉദ്ദേശിച്ചപ്പോൾ അല്ലാഹു എല്ലാ ആളു കൾക്കുംവേണ്ടി ഒരു ഗ്രന്ഥം അയച്ചു.

വിശുദ്ധ ഖുർആനിന്റെ നാല് അടിസ്ഥാന കാരണങ്ങൾ വാഗ്ദത്ത മസീഹ്(അ) പ്രസ്താവിച്ചിട്ടുണ്ട്. ഈ കാരണങ്ങൾ എന്തൊക്കെയാണ്? 1. ഇല്ലത്തെ ഫാഇലി. അതിന്റെ കർത്താവാരാണ്. ആരാണ് ചെയ്യുന്നത്, അതിന്റെ കാരണങ്ങൾ എന്തൊക്കെയാണ്? 2. ഇല്ലത്തെ സൂരി. ഇതിനുള്ള ബാഹ്യവും പ്രായോഗികവുമായ വശങ്ങൾ എന്തൊക്കെയാണ്? 3. ഇല്ലത്തെ മാദി. അതായത് അതിന്റെ ഭൗതികമായ പ്രയോജനം എന്താണ്. 4. ഇല്ലത്തെ ഗാഇ. ഇതിന്റെ പ്രധാന കാരണവും ലക്ഷ്യവും എന്താണ്? ഇല്ലത്തെ ഫാഇലി ഇതിന്റെ കർത്താവ് الٓمّٓ-انا اللہ اعلم അതായത് ഞാൻ അല്ലാഹു ഏറ്റവും അറിവുള്ളവനാണ്. ഇല്ലത്തെ മാദി ذٰلِكَ الْكِتٰبُ ഈ ഗ്രന്ഥം സർവ്വശക്തനായ ദൈവത്തിൽ നിന്നാണ് വന്നത്. ഇത് അനുസരിച്ച് പ്രവർത്തിക്കുന്നതിലൂടെ യഥാർത്ഥ നേട്ടങ്ങൾ നേടാനാകും. ഇല്ലത്തെ സൂരി لَا رَيْبَ فِيْهِ എന്നതാണ്. അതിൽ യാതൊരു സംശയവുമില്ല ഇതിലെ കാര്യങ്ങൾ സുസ്ഥിരവും യുക്തിസഹവും വ്യക്തവുമാണ്. هُدًى لِّلْمُتَّقِيْنَ ഭയഭക്തിയുള്ളവർക്ക് സന്മാർഗത്തിനുവേണ്ടിയുള്ളതാണ് എന്നതാണ് ഈ ഗ്രന്ഥത്തിന്റെ ഇല്ലത്തെ ഗായി.

ഇന്നത്തെ നാമധാരികളായ പണ്ഡിതന്മാർ ഖുർആനിലെ അധ്യാപനങ്ങളെ എതിരാളികൾക്ക് ആക്ഷേപിക്കാൻ അവസരം നൽകുന്ന വിധത്തിലാണ് അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഈ അധ്യാപനത്തിന്റെ ശ്രേഷ്ഠത നമ്മുടെ വാക്കും പ്രവൃത്തിയുംകൊണ്ട് തെളിയിക്കേണ്ടത് ഇന്ന് അഹ്മദികളായ നമ്മുടെ കടമയാണ്. എല്ലാ രോഗങ്ങൾക്കുമുള്ള ഔഷധം ഖുർആനാണെന്ന് ലോകത്തെ അറിയിക്കുക. തഖ്‌വയിൽ ചരിച്ചുകൊണ്ട് അതനുസരിച്ച് പ്രവർത്തിക്കാനുള്ള തൗഫീഖ് അല്ലാഹു നമുക്ക് നൽകട്ടെ. ആമ്മീൻ.

ഇനി ഞാൻ ദുആക്കുവേണ്ടി ആഹ്വാനം ചെയ്യുകയാണ്, ഇപ്പോൾ ബംഗ്ലാദേശിൽ ജൽസ നടന്നുകൊണ്ടിരിക്കുകയാണ്. ഇന്ന് അതിന്റെ ആദ്യ ദിവസമായിരുന്നു. എന്നാൽ അവിടെ എതിരാളികൾ യോഗസ്ഥലം ആക്രമിച്ചു. നിരവധി പേർക്ക് പരിക്കേറ്റിട്ടുണ്ട്. ചിലർക്ക് ഗുരുതരമായ പരിക്കേൽക്കുന്ന തരത്തിലാണ് ഇവർ ആക്രമണം നടത്തിയതെന്നാണ് ഇതുവരെ വന്ന വാർത്തകൾ. തുടർന്ന് ഈ പ്രദേശത്തെ അഹ്മദികളുടെ വീടുകളും അവർ അഗ്നിക്കിരയാക്കിയിട്ടുണ്ട്. എത്രത്തോളം നാശനഷ്ടം സംഭവിച്ചുവെന്ന് ഇതുവരെ പൂർണമായി അറിഞ്ഞിട്ടില്ല. അല്ലാഹു അഹ്മദികളെ അവരുടെ ഉപദ്രവങ്ങളിൽ നിന്ന് സംരക്ഷിക്കുകയും അവരെ (ശത്രുക്കളെ) പിടികൂടുകയും ചെയ്യട്ടെ. ഇനി അവർക്ക് ഹിദായത്തിനായി ദുആ ചെയ്യാനാവില്ല. اَللّٰھُمَّ مَزِّقْهُمْ كُلَّ مُمَزَّقٍ وَ سَحِّقْهُمْ تَسْحِيْقًا എന്ന പ്രാർഥനയാണ് അവർക്കുവേണ്ടി നമ്മുടെ നാവിൽനിന്നും ഹൃദയത്തിൽനിന്നും പുറപ്പെടുന്നത്.

അതുപോലെ പാകിസ്ഥാനിലെ സാഹചര്യത്തിനായും പ്രാർത്ഥിക്കുക. അവിടെയും അഹ്മദികളുടെ അവസ്ഥ അല്ലാഹു ശരിയാക്കുമാറാകട്ടെ. ബുർക്കിനാ ഫാസോയിലും ഇപ്പോഴും അപകടങ്ങൾ വിട്ടുമാറിയിട്ടില്ല. അവിടെക്കുവേണ്ടിയും പ്രാർത്ഥിക്കുക. അതുപോലെ അൾജീരിയയിലും അഹ്മദികൾക്കെതിരെ ചില കേസുകളുണ്ട്. അവർക്കുവേണ്ടിയും പ്രാർഥിക്കുക. അല്ലാഹു എല്ലായിടത്തും അഹ്മദികളെ സംരക്ഷിക്കട്ടെ.

ബംഗ്ലാദേശിൽ, ഞാൻ പറഞ്ഞതുപോലെ, വിഷമിക്കേണ്ടെന്ന് ഭരണകൂടം ഞങ്ങൾക്ക് ഉറപ്പുനൽകിയിരുന്നു. ജൽസ നടത്തിക്കൊള്ളുക; ഞങ്ങൾ പൂർണ സംരക്ഷണം നൽകും എന്ന്. എന്നാൽ കലാപകാരികളും തീവ്രവാദികളും യാഥാസ്തികരായ മുല്ലാക്കളും അവരുടെ കൂട്ടാളികളുമായി എത്തിയപ്പോൾ പോലീസ് ഒന്നും ചെയ്യാതെ കാഴ്ചക്കാരായി ഇരിക്കുകയായിരുന്നു. അവർ ഒരു തരത്തിലുള്ള നടപടിയും സ്വീകരിച്ചില്ല. ഏതായാലും അല്ലാഹുവിനെ നമ്മൾ കുമ്പിടുകയും അവനോട് ദുആ ഇരക്കുകയും വേണം. നമ്മുടെ സഹോദരങ്ങളുടെ പ്രശ്നങ്ങൾ അല്ലാഹു ഉടൻ തന്നെ നീക്കുമാറാകട്ടെ. ആമ്മീൻ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَاللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Masjid Mubarack U.K. – on 03.03.2023

Malayalam Translation & Layout: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516